"ഭരണഭാഷ - മാതൃഭാഷ"

നം:- വൈ(1)/23504/2025/ഡി.ജി.ഇ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി : **16-03-2026**

സർക്കുലർ

വിഷയം:- പൊതുവിദ്യാഭ്യാസം - 2025-26 അധ്യായന വർഷത്തെ എസ്.എസ്.എൽ.സി, ഹയർസെക്കന്ററി/വൊക്കേഷണൽ ഹയർസെക്കന്ററി വിഭാഗം പൊതുപരീക്ഷകൾക്ക് ഗ്രേസ് മാർക്ക് അനുവദിക്കുന്നത് - സംബന്ധിച്ച്

സൂചന :-
1. പൊതുവിദ്യാഭ്യാസ (ജി) വകുപ്പിന്റെ സ.ഉ(കൈ) നം. 65/2026/പൊ.വി.വ; തീയതി: 12/03/2026.
2. പൊതുവിദ്യാഭ്യാസ (എസ്.സി) വകുപ്പിന്റെ സ.ഉ(സാധാ) നം. 394/2022/പൊ.വി.വ; തീയതി: 18/01/2022.
3. പൊതുവിദ്യാഭ്യാസ (എൻ) വകുപ്പിന്റെ സ.ഉ(കൈ) നം. 118/2024/പൊ.വി.വ; തീയതി: 20/09/2024.
4. പൊതുവിദ്യാഭ്യാസ (എൻ) വകുപ്പിന്റെ സ.ഉ(കൈ) നം. 146/2025/പൊ.വി.വ; തീയതി: 23/08/2025.

*****

2025-26 അധ്യായന വർഷത്തിലെ എസ്.എസ്.എൽ.സി, ഹയർസെക്കന്ററി/വൊക്കേഷണൽ ഹയർസെക്കന്ററി വിഭാഗം പൊതുപരീക്ഷയ്ക്കുള്ള വിവിധയിനങ്ങൾ ക്കുള്ള ഗ്രേസ് മാർക്കുകൾ പരിഷ്കരിച്ച് കൊണ്ട് സൂചന (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ വിവിധയിനങ്ങൾക്കുള്ള ഗ്രേസ് മാർക്കിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം	ഇനം	ഗ്രേസ് മാർക്ക്
1	• കേരള സ്കൂൾ കലോത്സവം • കേരള സ്കൂൾ ശാസ്ത്രോത്സവം • സംസ്ഥാനതല ശാസ്ത്ര സെമിനാർ • സംസ്ഥാനതല സി.വി.രാമൻ ഉപന്യാസ മത്സരം • സംസ്ഥാനതല ശ്രീനിവാസ രാമാനുജൻ മെമ്മോറിയൽ പേപ്പർ പ്രസന്റേഷൻ • സംസ്ഥാനതല വാർത്താവായന മത്സരം	• എ ഗ്രേഡ് - 20 • ബി ഗ്രേഡ് - 15 • സി ഗ്രേഡ് - 10 • 1, 2, 3 സ്ഥാനം നിശ്ചയിച്ചു നൽകുന്ന ഇനങ്ങൾക്ക്

	• സംസ്ഥാനതല ശാസ്ത്ര ടാലന്റ് സെർച്ച് പരീക്ഷ • സംസ്ഥാനതല സാമൂഹ്യ ശാസ്ത്ര ടാലന്റ് സെർച്ച് പരീക്ഷ • സംസ്ഥാനതല ഗണിത ശാസ്ത്ര ടാലന്റ് സെർച്ച് പരീക്ഷ • സംസ്ഥാനതല ശാസ്ത്രമാഗസിൻ മത്സരം	യഥാക്രമം 20, 17, 14 മാർക്കുകൾ വീതം നൽകുന്നു.
2	• കേരള സ്കൂൾ സ്കിൽ ഫെസ്റ്റിവൽ (19 തൽസമയ ഇനങ്ങൾക്ക് മാത്രം)	• എ ഗ്രേഡ് - 20 • ബി ഗ്രേഡ് - 15 • സി ഗ്രേഡ് - 10
3	• സ്പെഷ്യൽ സ്കൂൾ കലോത്സവം	• എ ഗ്രേഡ് - 25 • ബി ഗ്രേഡ് - 20 • സി ഗ്രേഡ് - 15
4	• ജൂനിയർ റെഡ് ക്രോസ്	• 10 മാർക്ക്
5	• സ്റ്റുഡന്റ് പോലീസ് കേഡറ്റ് പ്രോജക്ട്	• 20 മാർക്ക്
6	• സംസ്ഥാന ബാലശാസ്ത്ര കോൺഗ്രസ്സ്	• എ ഗ്രേഡ് - 20 • ബി ഗ്രേഡ് - 15 • സി ഗ്രേഡ് - 10
7	• ദേശീയ ബാലശാസ്ത്ര കോൺഗ്രസ്സ് (ദേശീയ തലത്തിൽ പങ്കെടുത്തവർക്ക്)	• 25 മാർക്ക്
8	**സ്കൗട്ട് & ഗൈഡ്സ്** (ഹയർ സെക്കന്ററി വിഭാഗം)	
	• 80% ഹാജർ ഉൾപ്പെടെയുള്ള പങ്കാളിത്തം	• 25 മാർക്ക്
	• രാജ്യപുരസ്കാർ/ചീഫ് മിനിസ്റ്റർ ഷീൽഡ്	• 40 മാർക്ക്
	• രാഷ്ട്രപതി അവാർഡ് വിജയികൾക്ക്	• 50 മാർക്ക്
	സ്കൗട്ട് & ഗൈഡ്സ് (ഹൈസ്കൂൾ വിഭാഗം)	
	• 80% ഹാജർ ഉൾപ്പെടെയുള്ള പങ്കാളിത്തം	• 18 മാർക്ക്
	• രാജ്യപുരസ്കാർ/ചീഫ് മിനിസ്റ്റർ ഷീൽഡ്	• 20 മാർക്ക്
		• 25 മാർക്ക്

	• രാഷ്ട്രപതി അവാർഡ് വിജയികൾക്ക്	
9	**എൻ.എസ്.എസ്**	
	• റിപ്പബ്ലിക് ഡേ ക്യാമ്പിൽ പങ്കെടുത്ത എൻ.എസ്.എസ്. വോളന്റിയേഴ്സ്	• 40 മാർക്ക്
	• ദേശീയ തലത്തില് ക്യാമ്പുകളിൽ പങ്കെടുത്ത എൻ.എസ്.എസ്. വോളന്റിയേഴ്സ്	• 25 മാർക്ക്
	• എൻ.എസ്.എസ് സർട്ടിഫിക്കറ്റ് ഉള്ള എൻ.എസ്.എസ്.വോളന്റിയേഴ്സ്	• 20 മാർക്ക്
10	• ലിറ്റിൽ കൈറ്റ്സ്	• 15 മാർക്ക്
11	• ജവഹർലാൽ നെഹ്റു നാഷണൽ എക്സിബിഷൻ (നാഷണൽ സയൻസ് ഫെയർ)	• 25 മാർക്ക്
12	• ബാലശ്രീ അവാർഡ് വിജയികൾക്ക്	• 15 മാർക്ക്
13	**കേരളാ സ്റ്റേറ്റ് ലീഗൽ സർവീസസ് അതോറിറ്റിയുടെ ക്വിസ് കോമ്പിറ്റേഷൻ**	
	• ഫസ്റ്റ് വിന്നർ ടീം	• 5 മാർക്ക്
	• സെക്കന്റ് വിന്നർ ടീം	• 3 മാർക്ക്
14	**സർഗ്ഗോത്സവം**	
	• എ ഗ്രേഡ്	• 15 മാർക്ക്
	• ബി ഗ്രേഡ്	• 10 മാർക്ക്
15	• സതേൺ ഇന്ത്യ സയൻസ് ഫെയർ (ആദ്യത്തെ മൂന്ന് സ്ഥാനക്കാർക്ക്)	• 22 മാർക്ക്
	എൻ.സി.സി • റിപ്പബ്ലിക് ഡേ പരേഡ് ക്യാമ്പ് (ആർ.ഡി.സി) • താൽ സൈനിക് ക്യാമ്പ് (റ്റി.എസ്.ഇ) • ഓൾ ഇന്ത്യാ നൗസൈനിക് ക്യാമ്പ് (എ.ഐ.എൻ.എസ്.ഇ) • ഓൾ ഇന്ത്യാ വായു സൈനിക് ക്യാമ്പ് (എ.ഐ.വി.എസ്.ഇ) • എസ്.പി.എൽ. എൻ.ഐ.സി • യൂത്ത് എക്സ്ചേഞ്ച് പ്രോഗ്രാം (വൈ.ഇ.പി)	• 40 മാർക്ക്

	(റിമാർക്ക്:- സെലക്ഷൻ പ്രക്രിയയിലും തുടർന്നുള്ള പരിശീലനത്തിനും 2 മുതൽ 3 മാസം വരെ ക്ലാസ്സ് നഷ്ടപ്പെടുന്നു. മറ്റ് സാമൂഹ്യ സേവന പരിപാടികളിലും, എൻ.സി.സി. പരിപാടികളിലും ഈ കുട്ടികൾ പങ്കെടുക്കണം.)	
16	• നാഷണൽ ഇന്റഗ്രേഷൻ ക്യാമ്പ് എൻ.ഐ.സി • ഏക് ഭാരത് ശ്രേഷ്ഠതാ ഭാരത് (ഇ.ബി.എസ്.ബി) • റോക്ക് ക്ലൈംബിംഗ് ടെയിനിംഗ് ക്യാമ്പ് (ആർ.സി.റ്റി.സി) • അഡ്വാൻസ് ലീഡർഷിപ്പ് ക്യാമ്പ് (എ.എൽ.സി) • ബേസിക് ലീഡർഷിപ്പ് ക്യാമ്പ് (ബി.എൽ.സി) • ട്രക്കിംഗ് പ്രീ - ആർ.ഡി.സി അറ്റാച്ച്മെന്റ് ക്യാപ് • പ്രീ റ്റീ.എസ്.സി • പ്രീ-എൻ.എസ്.സി • പ്രീ-വി.എസ്.സി.ഐ ജി.സി. • ബേസിക് പാരാ കോഴ്സ് • സെൻട്രലി ഓർഗനൈസ്ഡ് ക്യാമ്പുകൾ *(റിമാർക്ക്:- സെലക്ഷൻ പ്രക്രിയയിലും തുടർന്നുള്ള പരിശീലനത്തിനും 10 മുതൽ 30 ദിവസം വരെ ക്ലാസ്സ് നഷ്ടപ്പെടുന്നതാണ്. സർക്കാരിന്റെ മറ്റ് സാമൂഹ്യ സേവന പരിപാടികളിലും. എൻ.സി.സി. പരിപാടികളിലും ഈ കുട്ടികൾ പങ്കെടുക്കണം.)*	• 30 മാർക്ക്
	• 75 ശതമാനമോ അതിൽ കൂടുതലോ പരേഡ് അറ്റൻഡൻസ് *(റിമാർക്ക്:- സ്കൂൾ/കോളേജുകളിൽ ശനിയാഴ്ച നടത്തുന്ന പരേഡിൽ പങ്കെടുത്തിരിക്കണം. സർക്കാരിന്റെ മറ്റ് സാമൂഹ്യ സേവന പരിപാടികളിലും, എൻ.സി.സി. പരിപാടികളിലും ഈ കുട്ടികൾ പങ്കെടുക്കണം.)*	• 20 മാർക്ക്

17	**സ്കൗട്ട് സോഷ്യൽ സർവീസ് സ്കീം**	
	• എ ഗ്രേഡ്	• 25 മാർക്ക്
	• ബി ഗ്രേഡ്	• 15 മാർക്ക്
	• സി ഗ്രേഡ്	• 10 മാർക്ക്
18	• വൈ.ഐ.പി ശാസ്ത്രപഥം സംസ്ഥാന തല വിജയികൾ	• 10 മാർക്ക്

വ്യവസ്ഥകൾ

1. എട്ടാം ക്ലാസിലോ ഒമ്പതാം ക്ലാസിലോ പഠിക്കുമ്പോൾ സംസ്ഥാനതല സ്കൂൾ കലോത്സവത്തിലോ ശാസ്ത്രോത്സവത്തിലോ പങ്കെടുത്ത് ലഭിക്കുന്ന ഉയർന്ന ഗ്രേഡ്, ഗ്രേസ് മാർക്കിന് പരിഗണിക്കണമെങ്കിൽ പത്താം ക്ലാസിൽ പഠിക്കുമ്പോൾ സംസ്ഥാനതല മത്സരത്തിൽ പങ്കെടുക്കണമെന്നില്ല. പകരം റവന്യു ജില്ലാ മത്സരത്തിൽ അതേ ഇനത്തിൽ എ ഗ്രേഡ് ലഭിച്ചാൽ മതിയാകുന്നതാണ്.
2. കേരള സ്കൂൾ ശാസ്ത്രോത്സവ മാന്വൽ സൂചന (2),(3) ഉത്തരവുകൾ പ്രകാരം പരിഷ്കരിച്ചിരുന്നു. ഇതിലൂടെ ശാസ്ത്രോത്സവത്തിലെ ഗണിത ശാസ്ത്ര മേളയിലെ *അപ്ലൈഡ് കൺസ്ട്രക്ഷൻ* (Applied Construction), പ്രവൃത്തി പരിചയ മേളയിലെ *ചന്ദനത്തിരി നിർമ്മാണം, പ്ലാസ്റ്റർ ഓഫ് പാരീസ് ഉപയോഗിച്ചുള്ള രൂപങ്ങൾ, പനയോല കൊണ്ടുള്ള ഉൽപ്പന്നങ്ങൾ, തഴയോല കൊണ്ടുള്ള ഉൽപ്പന്നങ്ങൾ, കുട നിർമ്മാണം, വോളിബോൾ നെറ്റ് നിർമ്മാണം, ചോക്ക് നിർമ്മാണം* എന്നീ ഇനങ്ങൾ ഒഴിവാക്കിയിരുന്നു. എട്ടാം ക്ലാസിലോ ഒമ്പതാം ക്ലാസിലോ പഠിക്കുമ്പോൾ സംസ്ഥാന തലത്തിൽ മേൽ സൂചിപ്പിച്ചിട്ടുള്ള ഒഴിവാക്കിയ ഇനങ്ങളിൽ പങ്കെടുത്ത് എ/ബി/സി ഗ്രേഡ് കരസ്ഥമാക്കിയ കുട്ടിക്ക് ഗ്രേസ് മാർക്കിന് പരിഗണിക്കണമെങ്കിൽ പത്താം ക്ലാസിൽ പഠിക്കുമ്പോൾ റവന്യു ജില്ലാ മത്സരത്തിൽ ***അതേ വിഭാഗത്തിലെ*** (ഗണിത ശാസ്ത്ര മേള, പ്രവൃത്തി പരിചയ മേള) ഏതെങ്കിലും ഇനത്തിൽ എ ഗ്രേഡ് ലഭിച്ചാൽ മതിയാകുന്നതാണ്.
3. ഗ്രേസ് മാർക്ക്, കുട്ടിക്ക് ഒരിക്കൽ നൽകുന്നതിനാൽ അടുത്ത തലത്തിലേക്കുള്ള അഡ്മിഷന് ഗ്രേസ് മാർക്കിന്റെ അടിസ്ഥാനത്തിൽ വീണ്ടും അധികമായി ഇൻഡക്സ് മാർക്ക് (ബോണസ് മാർക്ക്) നൽകുന്നതല്ല.
4. വിവിധ ഇനങ്ങളിൽ പങ്കെടുത്ത് ഗ്രേസ് മാർക്കിന് അർഹരായിട്ടുണ്ടെങ്കിൽ അവയിൽ ഏതിനത്തിലാണോ കൂടുതൽ മാർക്ക് ലഭിക്കുന്നത് ആ ഇനത്തിന് ലഭിക്കുന്ന മാർക്ക് മാത്രമേ അനുവദിക്കുകയുള്ളൂ.
5. ഹയർ സെക്കന്ററി/വൊക്കേഷണൽ ഹയർ സെക്കന്ററി പരീക്ഷാ ഗ്രേസ് മാർക്ക് സൂചന (2) ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായിരിക്കും.
6. *ഓൺലൈൻ മുഖേനയാണ് അപേക്ഷകൾ സമർപ്പിക്കേണ്ടത്. പ്രധാനാധ്യാപകർ അതാത് ജില്ലാ വിദ്യാഭ്യാസ ഉപഡയറക്ടർക്ക് **2026 മാർച്ച്** 23-നുള്ളിൽ സമർപ്പിക്കേണ്ടതും ഇപ്രകാരം*

*ലഭിക്കുന്ന അപേക്ഷകൾ വിദ്യാഭ്യാസ ഉപഡയറക്ടർമാർ പരിശോധിച്ച് ഓൺലൈൻ വെരിഫിക്കേഷൻ നടത്തി ലഭിക്കുന്ന പ്രിന്റ് ഔട്ട്, നടപടി ഉത്തരവ് എന്നിവ സഹിതം **31/03/2026** നകം പരീക്ഷാ സെക്രട്ടറിക്ക് നൽകേണ്ടതാണ്. സതേൺ ഇൻഡ്യ സയൻസ് ഫെയർ , ജവഹർലാൽ നെഹ്റു നാഷണൽ എക്സിബിഷൻ എന്നിവയിൽ പങ്കെടുക്കുകയും ഗ്രേസ് മാർക്കിന് അർഹതയുമുള്ള വിദ്യാർത്ഥികൾ ഓൺലൈനായി അപേക്ഷ സമർപ്പിക്കേണ്ടതാണ്. **25/03/2026** നകം പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിൽ ഓൺലൈൻ മുഖേന ലഭിക്കുന്ന അപേക്ഷകൾ മാത്രമേ പരിഗണിക്കുകയുള്ളൂ എന്നറിയിക്കുന്നു.*

Digitally signed by
UMESH N S K
Date: 16-03-2026
23:36:25

പൊതുവിദ്യാഭ്യാസ ഡയറക്ടർ

പകർപ്പ്:

1. സെക്രട്ടറി, പരീക്ഷാഭവൻ, പൂജപ്പുര,തിരുവനന്തപുരം.
2. ജോയിന്റ് ഡയറക്ടർ, ഹയർസെക്കന്ററി, വൊക്കേഷണൽ ഹയർസെക്കന്ററി വിഭാഗം.
3. എല്ലാ ജില്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും.
4. എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും.
5. എല്ലാ പ്രധാനാധ്യാപകർക്കും (അതാത് ജില്ലാ വിദ്യാഭ്യാസ ഉപഡയറക്ടർ/ ജില്ലാ വിദ്യാഭ്യാസ ഓഫീസർ മുഖാന്തിരം)
6. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കൈറ്റ്, പൂജപ്പുര, തിരുവനന്തപുരം. (ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)